**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3560 **15.07.2015**--ൽ മറുപടിക്ക്

**ഹോംകോ- ക്ക് ഗ്രാന്റ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോന്നിലും എത്ര തുക വീതം ഗ്രാന്റിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 2011-12 - 400 ലക്ഷം<br>2012-13 - 50 ലക്ഷം<br>2013-14 - 60 ലക്ഷം<br>2014-15 - 60 ലക്ഷം |
| (ബി) | മേൽപ്പറഞ്ഞ ഓരോ കാലയളവിലും ഗ്രാന്റിനത്തിൽ ലഭിച്ച എത്ര തുക ഹോംകോ ചെലവഴിച്ചിട്ടുണ്ട് ; | (ബി) | 2011-12 ഒന്നും ചെലവഴിച്ചിട്ടില്ല<br>2012-13 ഒന്നും ചെലവഴിച്ചിട്ടില്ല<br>2013-14 മുഴുവൻ തുകയും ചെലവഴിച്ചു.<br>2014-15 30 ലക്ഷം രൂപ ചെലവഴിച്ചു. 30 ലക്ഷം രൂപ ഇ.എൽ. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക 2015 ആഗസ്റ്റ് 31 ന് മുൻപ് ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് നിരന്തരം ലാപ്സാകുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) | 2011-12, 2012-2013 കാലയളവിൽ അനുവദിച്ച ഗ്രാന്റ്-ഇൻ-എയിഡ് ഹോംകോയുടെ രണ്ടാംഘട്ട വികസനത്തിനുവേണ്ടിയായിരുന്നു. രണ്ടാംഘട്ട വികസനത്തിനുവേണ്ടി വാങ്ങിയ ഭൂമിയിൽ നിന്നും 65 സെന്റ് ഭൂമി ദേശീയപാത വികസനത്തിനുവേണ്ടി ഏറ്റെടുത്തു വഴി ഹോംകോയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാത്തതിനാലാണ് പ്രസ്തുത ഗ്രാന്റ് ലാപ്സായത്. ടി വസ്തുവിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമി സംസ്ഥാന സർക്കാർ ഹോംകോയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**